കണ്ണംകുളം നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി

361 (1446) ശ്രീ. സാബു എം. വാഴക്കാല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുഭരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണംകുളം നിയോജക മണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം 2014-15 വർഷത്തിൽ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ കണ്ണംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) കണ്ണംകുളം നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം 2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ കണ്ണംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ക്ലാസ് മുറികളുടെ നിർമ്മാണ പ്രവൃത്തിക്ക് കരാറുകാരന് എഗ്രിമെന്റ് വയ്ക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ 16-11-2015-ന് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

റോഡുകളുടെ പുനരുദ്ധാരണത്തിന് നടപടി

362 (1447) ശ്രീ. കെ. കുഞ്ഞഹമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-പയ്യോളി റോഡ്, പേരാമ്പ്ര-നാദാപുരം റോഡ്, പേരാമ്പ്ര-മൊടക്കല്ലൂർ-താനിക്കണ്ടി റോഡ്, തോടന്നൂർ-മണിയൂർ-കൊല്ലം റോഡ് എന്നിവയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തൊക്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പേരാമ്പ്ര-പെരുവണ്ണാർ-വടകര റോഡിന്റെ ഭാഗമായി പേരാമ്പ്ര-നാദാപുരം റോഡ് സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേരാമ്പ്ര-മൊടക്കല്ലൂർ-താനിക്കണ്ടി റോഡ് പ്രവൃത്തിക്കായുള്ള 400 രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റോഡിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡ്, പേരാമ്പ്ര-പയ്യോളി റോഡ് എന്നിവ എസ്.എച്ച്.ടി.എഫ്.-ൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

363 (1448) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവർത്തിയുടെ പേരും ഭരണാനുമതി നൽകിയ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായവയുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരത്തുവിഭാഗത്തിൻ കീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടവിഭാഗത്തിൻ കീഴിലുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കോഴിക്കോട് - തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

364 (T 1449) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് തത്വത്തിൽ അനുമതിയും പങ്കാളിത്തവും തേടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു എത്ര കത്തുകൾ അയച്ചിട്ടുണ്ട്; ഇതിനകം അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' ചേർത്തിരിക്കുന്നു ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly